# നിന്റെ നിത്യത
# നീ എവിടെ ചെലവഴിക്കും

**പ്രിയ മിത്രമെ**, ഈ നിമിഷം നിനക്കു മരണം സംഭവിച്ചാൽ, നിന്റെ നിത്യത സ്വർഗ്ഗത്തിലോ അതോ നരകത്തിലോ? ചിന്തിക്കുക !! ഈ വിഷയ ത്തെപ്പറ്റി ദൈവവചനം നമുക്ക് അറിവ് തരുന്നു. നിന്റെ ജീവിതത്തിൽ അറി ഞ്ഞിരിക്കേണ്ട പരമപ്രധാനമായ ഒരു ചോദ്യം ഞാൻ ചോദിക്കട്ടെ. താങ്കൾ നൽകുന്ന ഉത്തരമായിരിക്കും എവിടെ നിത്യത ചിലവഴിക്കും എന്ന് സ്ഥിരീ കരിക്കപ്പെടുന്നത്.

**ചോദ്യമിതാണ്;** താങ്കൾ രക്ഷിക്കപ്പെട്ട വ്യക്തിയാണോ? ഒരു സഭാംഗമാണോ എന്നല്ല മറിച്ച് രക്ഷിക്കപ്പെട്ട വ്യക്തിയാണോ എന്നാണ് ചോദിച്ചത്. സൽസ്വഭാവി യായി ജീവിക്കുന്നുണ്ടോ എന്നല്ല മറിച്ച് രക്ഷിക്കപ്പെട്ട വ്യക്തിയാണോ എന്നാണ് ചോദിച്ചത്. ഒരു ക്രിസ്ത്യാനിയായി അവകാശപ്പെടുന്നോ എന്നല്ല മറിച്ച് രക്ഷിക്ക പ്പെട്ട വ്യക്തിയാണോ എന്നാണ് ചോദിച്ചത്.

ബൈബിൾ പറയുന്നു "മറ്റൊരുത്തനിലും രക്ഷ ഇല്ല നാം രക്ഷിക്കപ്പെടു വാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല".

**⊡ നീയൊരു പാപിയാണെന്ന് സമ്മതിക്കുക.**

"നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല. (റോമ.3:10) നന്മ ചെയ്യുന്നവ നില്ല ഒരുത്തൻ പോലുമില്ല. (റോമ.3:12) "എല്ലാവരും പാപം ചെയ്ത് ദൈവതേ ജസ്സ് ഇല്ലാത്തവരായിത്തീർന്നു. (റോമർ.3:23)

സ്നേഹിതാ, നിന്റെ പാപമാണ് നിന്നിൽ ദൈവതേജസ്സ് നഷ്ടമാകുവാൻ കാരണം. ബൈബിൾ അനുശാസിക്കുന്ന പ്രമാണങ്ങൾ പാലിച്ച് സ്വർഗ്ഗപ്രവേശ നത്തിനായി ശ്രമിക്കുക.

**ഒരാൾ നിന്നെ സ്നേഹിച്ച് നിനക്കു വേണ്ടി മരിച്ചു.**

യേശുക്രിസ്തു നിന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി കാൽവറിയിൽ മരണം വരിച്ചു. നാം കൊടുത്തുവീട്ടേണ്ട കടം അവൻ കൊടുത്തു തീർത്തു. "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കു വേണ്ടി മരിക്കുകയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ.5:8). യേശു കുരിശിൽ ചിന്തിയ രക്തം നമ്മുടെ പാപങ്ങൾക്കുവേണ്ടിയായിരുന്നു. "അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (കൊലോ.1:14).

**നിനക്ക് സ്വയമായി സ്വർഗ്ഗം നേടുവാൻ കഴിയത്തില്ല.**

ഒരുവന് സ്വർഗ്ഗത്തിലെത്തുവാനുള്ള വഴി യേശു കാൽവറിമരണത്തിലൂടെ ഒരുക്കിയിരിക്കുന്നു. അവൻ മരണത്തിന് മുമ്പ് പറഞ്ഞത് ഇവ്വണ്ണമായിരുന്നു. "....... നിവൃത്തിയായി" (യോഹ.19:30). മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി സകലവും കർത്താവ് പൂർത്തീകരിച്ചു. സ്വർഗ്ഗത്തിൽ നിനക്കായി ഒരു ഭവനം തരുവാൻ കർത്താവാഗ്രഹിക്കുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു" (യോഹ.14:3). ദൈവം നമുക്കൊരുക്കിയിരിക്കുന്ന വിലപിടിപ്പുള്ള സമ്മാനം നിത്യജീവനാണ്. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ (റോമ.6:23).

**യേശു നിന്നെ രക്ഷിച്ചാൽ അത് എന്നേയ്ക്കുമുള്ള രക്ഷയാണ്.**

ഒരിക്കൽ നാം ദൈവമക്കളായി കഴിഞ്ഞാൽ എല്ലാ കാലത്തും അപ്രകാരം തന്നെയായിരിക്കും. നിത്യതയോളം ഈ ബന്ധം നിലനിക്കുന്നു. യേശു മരിച്ച അവസ്ഥയിൽ കിടക്കുകയായിരുന്നില്ല. കല്ലറയ്ക്കുള്ളിൽ നിന്നും അവൻ ഉയിർത്തെഴുന്നേറ്റു. ഇപ്പോൾ അവൻ തന്നിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന ദൈവമക്കൾക്കുവേണ്ടി നിരന്തരം പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു (1 കൊരി.15:3,4). "ഞാൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്ര.7:25). കർത്താവ് നമ്മെ ഒരിക്കൽ രക്ഷിച്ചുകഴിഞ്ഞാൽ ലോകത്തിലെ ഒരു ശക്തിക്കും നമ്മെ ദൈവത്തിൽ നിന്നും അകറ്റുവാൻ കഴിയുന്നതല്ല. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ (റോമർ. 8:35) നിത്യതയോളം ഈ ബന്ധം നിലനിൽക്കുന്നു. "ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു ഞാൻ

അവയെ അറിയുകയും അവ എന്നെ അനുഗമിക്കുയും ചെയ്യുന്നു. ഞാൻ അവക്കുനിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കൈയ്യിൽ നിന്നു പിടിച്ചു പറിക്കയും ഇല്ല. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ. പിതാവിന്റെ കയ്യിൽനിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല" (യോഹ.10:27 - 29)

**• വിശ്വാസത്താൽ യേശുവിനെ സ്വീകരിക്കുക.**

യേശുവിന്റെ മരണം സകല മാനവജാതിക്കും നിത്യജീവൻ എന്ന ദാനം നൽകുവാനായിട്ടായിരുന്നു. മറ്റ് ദാനങ്ങളേക്കാൾ വ്യത്യസ്ഥമാണ് രക്ഷ എന്ന ദാനത്തിനുള്ളത്. സൗജന്യമായി ലഭിക്കുന്ന ഈ രക്ഷ സ്വീകരിക്കുമ്പോഴാണ് അതു മൂല്യമുള്ളതായി തീരുന്നത്. അന്നുമുതൽ നാം ദൈവമക്കൾ എന്ന പദ വിയിലേക്ക് ഉയർത്തപ്പെടുന്നു. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു (യോഹ.1:12).

വിശ്വാസം ഒരു പരിപൂർണ്ണ ആശ്രയമാണ്, ഒരു കൂട്ടിക്കലർപ്പും ഇല്ലാതെ വിശ്വാസത്താൽ മാത്രമാണ് ഒരുവൻ രക്ഷിക്കപ്പെടുന്നത്. രക്ഷയ്ക്കുവേണ്ടി പൂണ്യപ്രവർത്തികൾ ചെയ്യുക, നേർച്ചകാഴ്ചകൾ അർപ്പിക്കുക, പൂജകളും ഹോമങ്ങളും നടത്തുക, പുണ്യസ്ഥലങ്ങൾ സന്ദർശിക്കുക ആദിയായവ യാതൊന്നും തന്നേ ആവശ്യമായിവരുന്നില്ല. "നിങ്ങൾ വിശ്വാസം മൂലം രക്ഷിക്ക പ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേയാ കുന്നു" (എഫേസ്യർ.2:8,9).

യേശുക്രിസ്തുവിലുള്ള വിശ്വാസം ഒന്നുമാത്രമാണ് രക്ഷിക്കപ്പെടുവാനുള്ള മാർഗ്ഗം "മറ്റൊരുത്തിനിലും രക്ഷ ഇല്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല (പ്രവൃ. 4:12).

"കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (പ്രവൃ.16:31). പ്രവൃത്തിയാൽ ഒരു മനുഷ്യനും രക്ഷിക്കപ്പെടുന്നില്ല. നല്ല പ്രവൃത്തികൾ ഒരിക്കലും ഒരുവനെ നീതിമാനാക്കു ന്നില്ല. ബൈബിൾ പറയുന്നു "പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധി യിൽ നീതീകരിക്കപ്പെടുകയില്ല" (റോമർ.3:20).

"അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാ സത്താൽ തന്നേ നീതീകരിക്കപ്പെടുന്നു" (റോമർ.3:28).

## ⊙ സ്വയ പ്രയത്നത്തിലൂടെ രക്ഷനേടാം എന്ന ചിന്ത ഉപേക്ഷിക്കുക

ബൈബിൾ പറയുന്നു മനുഷ്യന്റെ നീതിപ്രവർത്തികളെല്ലാം കറപുരണ്ട തുണി പോലെയാണ് യെശയ്യ. 64:6., "അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല" (റോമർ. 3:20). കർത്താവായ യേശുക്രിസ്തുവിൽ വിശ്വാസമർപ്പിക്കുക. അങ്ങനെ ചെയ്യുമെങ്കിൽ ഇപ്പോൾ തന്നേ നിനക്കു രക്ഷ പ്രാപിക്കുവാൻ കഴിയും. തീരുമാനം താങ്കളുടേതാണ്.

നിങ്ങളുടെ തലവണക്കി കണ്ണുകളടച്ച് ദൈവത്തെ അകക്കണ്ണുകളാൽ കണ്ടുകൊണ്ട് സ്വന്തവാക്കുകളിൽ പ്രാർത്ഥിക്കുമോ. കർത്താവേ ഞാൻ ഒരു പാപിയാണ്. അങ്ങ് എന്റെ പാപങ്ങളെ ക്ഷമിച്ച് എന്റെ ഹൃദയത്തിലേയ്ക്ക് കടന്നുവരേണമേ. എന്നെ നിത്യനരകത്തിൽ നിന്നു രക്ഷിക്കുവാൻ അങ്ങേക്ക് കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ നിത്യസമാധാനത്താൽ നിറയ്ക്കേണമേ. ഇപ്രകാരം അനുതാപത്തോടെ പ്രാർത്ഥിക്കുമെങ്കിൽ നിന്റെ പാപത്തെ പൂർണ്ണമായി ക്ഷമിച്ച് നിന്നെ അവന്റെ സ്വന്തമാക്കി തീർക്കും. ബൈബിൾ പറയുന്നു, "യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ.10:13). "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" (റോമർ.10:13).

"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു" (യോഹ.3:18).

## ⊙ ഇനി ഞാൻ എന്താണ് ചെയ്യേണ്ടത് ?

ദൈവവുമായിട്ടുള്ള കൂട്ടായ്മയിൽ വസിക്കുക. നിരന്തരം ബൈബിൾ വായനയിൽ മുഴുകുക. രക്ഷിക്കപ്പെട്ട വിശ്വാസികളുമായി ആത്മീയകൂട്ടായ്മയിൽ പങ്കെടുക്കുക. കർത്താവിന്റെ കൽപ്പനകൾ അനുസരിക്കുക. പ്രാർത്ഥനയ്ക്കും വിശുദ്ധിക്കും പ്രാധാന്യം കൊടുക്കുക.

***നിത്യ സൗഭാഗ്യമനുഭവിക്കുവാൻ ദൈവം കൃപനൽകട്ടെ.***

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ വീട്ടിലിരുന്ന് പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.
***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5646 (Malayalam)
All tracts free as the Lord provides. Not to be sold.